## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *185

08.03.2018 ൽ മറുപടിക്ക്

### സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം . സ്വരാജ്<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. ഐ.ബി. സതീഷ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് ചലനാത്മകത നൽകേണ്ട സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ, കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം കൊണ്ടും ഫണ്ടിന്റെ അപര്യാപ്തതകൊണ്ടും കൊഴിഞ്ഞു പോകുന്നത് പരിഹരിക്കാൻ സർക്കാർ ഏതെല്ലാം തരത്തിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നെന്ന് അറിയിക്കാമോ; | (എ) (ബി) & (സി) | നൂതന ആശയങ്ങളുമായി മുന്നോട്ട് വരുന്ന യുവസംരംഭകർക്ക് ആവശ്യമായ പിൻതുണയും ധനസഹായവും നൽകി സംസ്ഥാനത്തിന്റെ വ്യവാസായിക പുരോഗതിയ്ക്ക് യുവതയുടെ പിൻതുണ ആർജ്ജിക്കുകയാണ് സ്റ്റാർട്ടപ്പ് സംരംഭ ങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. തൊഴിലന്വേഷകരിൽ നിന്ന് സ്വയം തൊഴിൽ ദാതാക്കളായി മാറുന്ന ഒരു നവസംസ്കാരം യുവതലമുറയിലൊട്ടാകെ വളർത്താൻ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട് മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ (സ്റ്റാർട്ടപ്പ് ഇന്ത്യ) ആണ് ഇത്തരം സംരംഭങ്ങൾക്ക് അംഗീകാരം നൽകുന്നത്. യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ കെ എസ് ഐ ഡി സി മുഖാന്തിരം മൂലധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ, വിവര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസം |
| (ബി) | സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയിറങ്ങുന്നവർ തൊഴിൽ തേടി അലയേണ്ടി വരുന്ന സാഹചര്യത്തിന് പകരം സ്വന്തമായി നൂതനാശയങ്ങളുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ. ഡി.സി. നൽകി വരുന്ന പിന്തുണ എന്തെല്ലാമാണ്; | | |
| (സി) | സംസ്ഥാനത്തിന്റെ ഭാവി സാമ്പത്തിക വളർച്ചാ സ്രോതസ്സായ ഇത്തരം നൂതന സംരംഭങ്ങൾക്ക് ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇത്തരം സംരംഭ ങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്ക | | |

| | | | |
|---|---|---|---|
| | രിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | | പൂർത്തിയാക്കി സ്വന്തമായ ആശയങ്ങൾ ഉല്പന്നങ്ങളായി പരിവർത്തനം ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശ സെമിനാറുകൾ, ചർച്ചായോഗങ്ങൾ തുടങ്ങിയവ നടത്തുന്നതിനായി കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ മൂന്നു ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.<br>2017-18 , 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ ഏഞ്ചൽ ഫണ്ട് / സീഡ് ഫണ്ട് എന്നീ പദ്ധതികൾക്കായി യഥാക്രമം 10 കോടി രൂപയും 8 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ കേരള സ്റ്റാർട്ടപ് മിഷന്റെ "യുവസംരംഭകർക്ക് വികസന പദ്ധതി" യ്ക്കായി 70 കോടി രൂപയും "ടെക് നോളജി ഇന്നൊവേഷൻ ഓൺ ഇൻക്യുബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ടി" നായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

Bindu.T

**സെക്ഷൻ ഓഫീസർ**